




# വീണ്ടുമൊരു മാവേലിനാട്

**കെ. മുരളീധരൻ**

**പലപ്പോഴും നിയമം കൊണ്ടുമാത്രം സമൂഹത്തിലെ ദുഷ്പ്രവണതകൾക്ക് അറുതി വരുത്തുവാൻ സാധിക്കില്ല. മദ്യനിരോധനം, സ്ത്രീധന നിരോധനം ഇതെല്ലാം ഇതിനൊരുദാഹരണമാണ്. ഇതുപോലെ തന്നെയാണ് സാമൂഹ്യവിപത്തായ അഴിമതിയും. എത്ര ശക്തമായ നിയമം കൊണ്ടുവന്നാലും അതു പ്രായോഗികതലത്തിലെത്തിച്ചില്ലെങ്കിൽ ഫലവത്താവുകയില്ല.**

ഇന്നു ജീവിച്ചിരിക്കുന്ന ഗാന്ധിയന്മാരിൽ ഒരാളായ അണ്ണാ ഹസാരെ, ശക്തമായ ജനലോക്പാൽ ബിൽ നിയമമാക്കണമെന്നാവശ്യപ്പെട്ട് ആഗസ്ത് 16 ന് വീണ്ടും നിരാഹാര സമരം ആരംഭിച്ചതും അന്നുതന്നെ അദ്ദേഹത്തെ അറസ്റ്റു ചെയ്ത് തീഹാർ ജയിലിലേക്ക് കൊണ്ടുപോയതും സമ്മിശ്രവികാരത്തോടെയാണ് ഞാൻ വായിച്ചത്. സമഗ്രമായ, കുറ്റമറ്റ ലോക്പാൽ ബിൽ പാസ്സാക്കുന്നതുവരെ സമരം തുടരുമെന്നാണ് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നത്.

സമകാലീന കാലഘട്ടത്തിലെ ഏറ്റവും വലിയ വിപത്താണല്ലോ അഴിമതി. രാജ്യവികസനത്തിന് അനിവാര്യമായ ഒന്നാണ് അഴിമതിരഹിതവും സംശുദ്ധവുമായ ലെജിസ്ലേച്ചറും, ലെജിസ്ലേറ്റീവും, ജുഡീഷ്യറിയും. അഴിമതിക്കെതിരെ പല നിയമങ്ങളും ഇപ്പോൾത്തന്നെ നിലവിലുണ്ട്. അതിൽ സുപ്രധാനമായ ഒന്നാണ് വിവരാവകാശ നിയമം. ലോകത്തിലെ ഏറ്റവും മഹത്തരമായ ഭരണഘടനയാണ് ഇന്ത്യൻ ഭരണഘടന. ഭരണഘടന അനുശാസിക്കുന്ന പ്രകാരം രാജ്യഭരണം മുന്നോട്ടുപോകണമെങ്കിൽ അഴിമതി രഹിതമായ ഒരു സാമൂഹ്യവ്യവസ്ഥ അനിവാര്യമാണ്.

പൊതുസമൂഹത്തിൽ നിന്നും അഴിമതി തുടച്ചുമാറ്റുന്നതിനായി അവതരിപ്പിച്ചതാണല്ലോ ലോക്പാൽ ബിൽ. 1968 ൽ ശാന്തിഭൂഷൻ അവതരിപ്പിച്ച ഈ ബിൽ എട്ടു തവണയെങ്കിലും പാർലമെന്റിന്റെ പരിഗണനയ്ക്കായി വന്നെങ്കിലും അത് നിയമമായില്ല. നമ്മൾ തെരഞ്ഞെടുത്തു വിടുന്ന രാഷ്ട്രീയനേതാക്കൾ കക്ഷിരാഷ്ട്രീയ ഭേദമന്യേ ഈ ബിൽ നിയമമാക്കുന്നതിന് ഉത്സാഹം കാണിച്ചിരുന്നില്ല എന്നതും ഒരു വസ്തുതയാണ്. നിർജ്ജീവമായി കിടന്ന ഈ നിയമം പൊതുസമൂഹമദ്ധ്യത്തിൽ കൊണ്ടുവന്നതാണ് അണ്ണാ ഹസാരെയുടെ പ്രാധാന്യം.

2011 ഏപ്രിൽ അഞ്ച് മുതൽ ഒമ്പതാം തീയതി വരെ അദ്ദേഹം നടത്തിയ നിരാഹാര സത്യഗ്രഹം ഈ നിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ പ്രസക്തിയെക്കുറിച്ചും സാധാരണക്കാരിൽ സാധാരണക്കാർ വരെയുള്ളവരെ ബോധവാന്മാരാക്കി മാറ്റുവാൻ ഉപകരിച്ചു. ഒരു വലിയ ജനകീയ മുന്നേറ്റത്തിനാണ് ആ ഉപവാസ സത്യഗ്രഹം ആരംഭം കുറിച്ചത്.

കർക്കശമായ അഴിമതി നിരോധനത്തിനുള്ള ജനലോക്പാൽ ബിൽ ഈ മുന്നേറ്റത്തോടെയാണ് ജനശ്രദ്ധ കൂടുതൽ പിടിച്ചുപറ്റിയത്. നമ്മുടെ ചിന്താഗതികൾക്കൊക്കെ വലിയൊരു മാറ്റം ഉണ്ടാക്കുവാൻ ഈ ഉപവാസം ഉപകരിച്ചു. അക്രമത്തിന്റെയോ അരാജകത്വത്തിന്റെയോ പാതയിലേക്കു പോകാതെ, തികച്ചും സമാധാനപരമായി, രാജ്യത്തെ നിലവിലുള്ള വ്യവസ്ഥിതികൾക്കുള്ളിൽ നിന്നുകൊണ്ട് ജാതി മത കക്ഷി ഭേദമന്യേ ജനപിന്തുണ നേടിയെടുക്കുവാൻ അദ്ദേഹത്തിന്റെ ആദ്യ സത്യഗ്രഹത്തിനു കഴിഞ്ഞു.

പക്ഷേ, ദുരവ്യാപകമായ ധാരാളം മാറ്റങ്ങൾ ഉണ്ടാകുന്ന ഇത്തരത്തിലുള്ള ഒരു ബില്ലിന്റെ കരട് തയ്യാറാക്കുമ്പോൾ സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട പ്രബുദ്ധരും വിദഗ്ദ്ധരുമടങ്ങിയ ഒരു വിശാല സമിതിയുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും വിപുലമായ ഒരു ചർച്ചയും തീർച്ചയായും ആവശ്യമാണ്. കൂടാതെ സമയവും. അതിനാൽ തന്നെ ഇത്തരത്തിലുള്ള അതീവ പ്രാധാന്യമേറിയ ഒരു ബിൽ നിയമമാക്കുന്നതിന് തിടുക്കം കൂട്ടേണ്ടതുണ്ടോ? അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയോട് എനിക്ക് നൂറു ശതമാനവും പിന്തുണയുണ്ടെങ്കിലും, ഈ രണ്ടാം സത്യഗ്രഹത്തിന്റെ തിടുക്കത്തെക്കുറിച്ചും അദ്ദേഹവും അനുയായികളും മാത്രം പങ്കെടുത്ത് തയ്യാറാക്കിയ ജനലോക്പാൽ ബിൽ ഈ മാസം തന്നെ നിയമമാക്കണമെന്ന നിർബന്ധബുദ്ധിയോടും യോജിക്കുവാൻ സാധിക്കുന്നില്ല. എന്നാൽ അണ്ണാ ഹസാരയെ തിടുക്കത്തിൽ അറസ്റ്റു ചെയ്തതു വഴി കേന്ദ്രഗവൺമെന്റിന് നയപരവും ഭരണപരവും രാഷ്ട്രീയപരവുമായ വീഴ്ചയാണുണ്ടായതെന്ന് പറയാതെയും വയ്യ.

ഭാരതത്തിൽ ജനാധിപത്യം ഫലപ്രദവും ഉൽകൃഷ്ടവുമായ രീതിയിൽ നിലനിൽക്കുന്നതിന് ജ



നാധിപത്യത്തിന്റെ നെടുംതൂണുകളായ ലെജിസ്ലേറ്റർ, എക്സിക്യൂട്ടീവ്, ജൂഡീഷ്യറി എന്നിവ തുല്യപ്രാധാന്യത്തോടെയും സഹവർത്തിത്വത്തോടെയും നിലനിൽക്കണം. ഹസാരെയുടെയും കൂട്ടാളികളുടെയും ഇപ്പോഴത്തെ നിലപാട് ജനാധിപത്യ സമ്പ്രദായത്തെ വെല്ലുവിളിച്ച് അവരുടെ നിലപാടുകൾ രാഷ്ട്രത്തിന്റെ മേൽ അടിച്ചേൽപ്പിക്കുന്നതായി എനിക്കു തോന്നുന്നു. എന്റെ അഭിപ്രായത്തിൽ അണ്ണാ ഹസാരയ്ക്ക് ഈ നിയമത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കാമെങ്കിൽ മറ്റുള്ളവർക്ക് ഈ ബില്ലിനോടുള്ള അഭിപ്രായ വ്യത്യാസങ്ങൾക്കു കൂടി അദ്ദേഹം ചെവികൊടുക്കേണ്ടതാണ്.

എല്ലാ രാഷ്ട്രീയക്കാരും ഉന്നത ഉദ്യോഗസ്ഥന്മാരും അഴിമതിക്കാരണെന്ന പൊതുകാഴ്ചപ്പാട് ശരിയല്ല. അഴിമതിനിർമ്മാർജ്ജനം ചെയ്യുന്നതിനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പല ശ്രമങ്ങളും നടത്തി വരുന്നുണ്ട്. സുപ്രധാനമായ വിവരാവകാശ നിയമം നിലവിൽ വന്നതിനു ശേഷം ഒരളവിലെങ്കിലും അഴിമതി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു സത്യമാണ്. 2 ജി സ്പെക്ട്രം, കോമൺ വെൽത്ത് അഴിമതി തുടങ്ങിയവ വെളിച്ചത്തു കൊണ്ടുവരുവാൻ സാധിച്ചത് സത്യസന്ധനായ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്ന ഉദ്യോഗസ്ഥൻ മുഖാന്തിരമാണെന്നുള്ളതും ഓർക്കേണ്ടതാണ്.

പലപ്പോഴും നിയമം കൊണ്ടുമാത്രം സമൂഹത്തിലെ ദുഷ്പ്രവണതകൾക്ക് അറുതി വരുത്തുവാൻ സാധിക്കില്ല. മദ്യനിരോധനം, സ്ത്രീധന നിരോധനം ഇതെല്ലാം ഇതിനൊരുദാഹരണമാണ്. മദ്യനിരോധനത്തേക്കാൾ പ്രായോഗികം മദ്യവർജ്ജനത്തെക്കുറിച്ചുള്ള ബോധവൽക്കരണമാണെന്നും, സ്ത്രീധന നിരോധനത്തേക്കാൾ സ്ത്രീശാക്തീകരണമാണ് പോംവഴിയെന്നും അനുഭവത്തിലൂടെ നമ്മൾ പഠിച്ചു. ഇതുപോലെ തന്നെയാണ് സാമൂഹ്യവിപത്തായ അഴിമതിയും. എത്ര ശക്തമായ നിയമം കൊണ്ടുവന്നാലും അതു പ്രായോഗികതലത്തിലെത്തിച്ചില്ലെങ്കിൽ ഫലവത്താവുകയില്ല.

നമ്മുടേത് ഒരു ജനാധിപത്യ സംവിധാനമാണെങ്കിലും, ചില മേഖലകളിലെങ്കിലും കാര്യസാദ്ധ്യത്തിനായി കോഴ കൊടുക്കേണ്ട സ്ഥിതിയുണ്ട്. കോഴ കൊടുക്കാനാളുണ്ടെങ്കിലേ വാങ്ങാൻ ആളുണ്ടാവുകയുള്ളൂ. സ്വന്തം കാര്യം നേടിയെടുക്കുന്നതിനായി നമ്മളും പലപ്പോഴും കൈക്കൂലി കൊടുക്കാൻ മുതിരാറുണ്ട്. ഈ പ്രവണത മാറ്റിയെടുക്കാൻ നമുക്കോരോരുത്തർക്കും ഉത്തരവാദിത്വമുണ്ട്. അഴിമതിക്കെതിരെയുള്ള നിയമം പാസ്സാക്കിയെടുക്കുന്നതിനോടൊപ്പം അതിനെതിരായുള്ള ബോധവൽക്കരണം ഫലപ്രദമായി നടപ്പിലാക്കണം. അഴിമതിക്കെതിരെ പുതിയ തലമുറയുടെ ശബ്ദം നന്മ നിറഞ്ഞ ഒരു നല്ല നാളെയെക്കുറിച്ചുള്ള പ്രതീക്ഷയുണർത്തുന്നു.

കള്ളവും ചതിയും ഇല്ലാത്ത ഒരു സമൂഹസങ്കൽപ്പമാണല്ലോ മധുരതരമായ ഓണം. ഈ ഓണക്കാലത്തും അതിനോടനുബന്ധിച്ചുള്ള പുതിയ വർഷത്തിലും അഴിമതി രഹിതമായ ഒരു സമൂഹത്തിനു വേണ്ടി തന്നാലാവുന്നത് ചെയ്യുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.

എല്ലാ മാന്യവായനക്കാർക്കും എന്റെ ഹൃദയം നിറഞ്ഞ ഓണാശംസകൾ!